



# ആമയും മുയലും



ആമയും മുയലും ഓട്ടമത്സരം നടത്തി. ആമ ഇഴഞ്ഞിഴഞ്ഞ് നടന്നു. മുയൽ ഓടി. മുയൽ ഉറങ്ങി. ആമ ജയിച്ചു. മുയലിന് വിഷമമായി.

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

ഒരു പുഴ. പുഴയുടെ തീരത്ത് ഒരു മരം. മരത്തിൽ പ്രാവിന്റെ കൂട്. പുഴയിൽ ആമ. മരത്തിന്റെ ചുവട്ടിൽ ഒരു മാളം. കുഞ്ഞനെലി. ഒരു ഉറുമ്പ്. ഒരു വേടൻ പ്രാവിനെ അമ്പെയ്തു. കാലിൽ ഉറുമ്പിന്റെ കടി...... (ബാക്കി പറയാമോ?)

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

# മണ്ണാങ്കട്ടയും കരിയിലയും

മണ്ണാങ്കട്ടയും കരിയിലയും കാശിക്ക് പോയി. പോകുന്ന വഴിയിൽ വച്ച് നല്ല കാറ്റ് വീശി. "പേടിക്കണ്ട." എന്തായിരിക്കും മണ്ണാങ്കട്ട അങ്ങനെ പറയാൻ കാരണം?

കുറേദൂരം ചെന്നപ്പോൾ നല്ല മഴ. "പേടിക്കണ്ട." എന്തായിരിക്കും കരിയില അങ്ങനെ പറയാൻ കാരണം?

വീണ്ടും യാത്ര തുടർന്നു. കുറേ ദൂരം ചെന്നപ്പോൾ മഴയും കാറ്റും ഒരുമിച്ച്.... പാവങ്ങൾ. (അവർക്കെന്താ സംഭവിച്ചത്.....?)

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

# കാക്കയും നെയ്യപ്പവും





കാക്കയുടെ ചുണ്ടിൽ നെയ്യപ്പം. നല്ല മധുരമുള്ള നെയ്യപ്പം. ഹായ് എന്തു മണം... മണം പിടിച്ച് ഒരു കുറുക്കൻ വന്നു. കാക്കച്ചി... കാക്കച്ചി... നിന്റെ പാട്ട് എന്തു രസാ... ഒന്നു പാടാമോ.....? കാക്കയ്ക്ക് സന്തോഷമായി. അവൾ പാടി. കാ...കാ... (പിന്നെ എന്താ സംഭവിച്ചത്?)

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

# മല്ലനും മാതേവനും


'തൊട്ടാലൊട്ടി'കളായ കൂട്ടുകാരായിരുന്നു മല്ലനും മാതേവനും. ഒരേ പ്രായം. ഒരുദിവസം ഇവർ ദൂരെ ഒരു ഗ്രാമത്തിൽ പോയി. തിരിച്ചുവന്നപ്പോൾ സമയം വൈകിയിരുന്നു. കാട്ടിലൂടെയാണ് യാത്ര. ഗർർ... ഒരലർച്ച. പിന്നിലതാ ഒരു കരടി. മാതേവൻ ഓടി മരത്തിൽ കയറി. മല്ലനോ ചത്തപോലെ നിലത്തുകിടന്നു.

കൂട്ടുകാരേ.... ബാക്കി എന്താ സംഭവിച്ചത്?

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

# ആനയും തുന്നൽക്കാരനും





ഒരു കൊമ്പനാന. കറുമ്പൻ. മിനുമിനുത്ത കൊമ്പ്. വീർത്ത വയർ. എന്താ ചന്തം....? ആരും നോക്കി നിൽക്കും. ആന നടന്ന് നടന്ന് വന്ന് തുന്നൽക്കാരന് മുന്നിൽ നിൽക്കും. തുമ്പിക്കൈ നീട്ടും. ഒരു കഷണം ശർക്കര. സന്തോഷം. ആനയ്ക്കും തുന്നൽക്കാരനും. ഒരു ദിവസം തുന്നൽക്കാരൻ ആനയുടെ തുമ്പിക്കൈയിൽ സൂചി വച്ചൊരു കുത്ത്. ആന കരഞ്ഞുപോയി. ശരി. തുന്നൽക്കാരനെ ഒരു പാഠം പഠിപ്പിക്കണം. ആന വിചാരിച്ചു. (പിന്നെ എന്തായിരിക്കും സംഭവിച്ചിട്ടുണ്ടാകുക. കൂട്ടുകാരെ പറയാമോ?)

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

# മുതലയും കുരങ്ങനും





ഒരു പുഴ. പുഴയുടെ തീരത്ത് ഒരു അത്തിമരം. അത്തിമരത്തിൽ ഒരു കുരങ്ങനും. പുഴയിൽ ഒരു മുതലയും. രണ്ടുപേരും കൂട്ടുകാർ. മുതലയുടെ ഭാര്യയ്ക്ക് കുരങ്ങന്റെ കരൾ വേണം... മരത്തിൽ താമസിക്കുന്ന കുരങ്ങന്റെ കരൾ എടുക്കാം. കുരങ്ങച്ചൻ ആലോചിച്ചു. എന്താ സൂത്രം.....?

പുഴയുടെ നടുവിലെത്തിയപ്പോൾ കരൾ മുതലയ്ക്ക് വേണം. കരൾ മരത്തിൽ തൂക്കിയിട്ടുണ്ട്. ശരി തിരികെപ്പോയി കരൾ എടുക്കാം. മരത്തിലേക്ക് ചാടിക്കയറിയ കുരങ്ങൻ മുതലയോട് എന്തായിരിക്കും പറഞ്ഞത്?

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

# പട്ടം



പട്ടം അമ്മുവിന്റെ പട്ടം. നീല പട്ടം. നല്ല പട്ടം. പട്ടത്തിന് വാല്. നീളമുള്ള വാല്. അതാ.... നീണ്ട് നീണ്ട് പോണു. അയ്യോ.... പെട്ടെന്നാ കാറ്റ് വന്നത്. കുഞ്ഞിക്കാറ്റ്. കുഞ്ഞിക്കാറ്റ് പെട്ടെന്ന് വലിയ കാറ്റായ്... അയ്യോ.... വാല് പൊട്ടി. പട്ടം തെന്നി പറന്നു.

"എന്റെ പട്ടം എങ്ങോട്ടാ പോയത്?" അമ്മു ചോദിച്ചു.

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി





പട്ടം എങ്ങോട്ടാ പോയത്?

അമ്മു ചോദിച്ചു. “മരമെ മരമെ എന്റെ പട്ടം കണ്ടോ....?”
“ഇല്ല. ഞാൻ കണ്ടില്ലമ്മു”.

അമ്മു കരഞ്ഞു. “എന്തിനാ കരയുന്നേ”...

അണ്ണാൻ ചോദിച്ചു. “എന്റെ പട്ടം... കുഞ്ഞിപ്പട്ടം. അണ്ണാറക്കണ്ണാ.... നീ കണ്ടോ എന്റെ കുഞ്ഞിപ്പട്ടത്തെ”.

“ഉം... ദേ അങ്ങോട്ട് പോയി.”

കുഞ്ഞിപ്പട്ടം എങ്ങോട്ടാ പോയത്?

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി





നിങ്ങള് കണ്ടോ കൂട്ടുകാരെ എന്റെ പാവം പട്ടം. "പട്ടത്തിന് അങ്ങനെ തന്നെ വേണം...." കാക്കമ്മ പറഞ്ഞു. "എന്തിനാ കാക്കമ്മെ അങ്ങനെ പറഞ്ഞത്...?"

"കുഞ്ഞിപ്പട്ടം പറന്ന് പറന്ന് ഉയർന്നപ്പോൾ എന്നെ കളിയാക്കി" കാക്കമ്മ കിണുങ്ങി കിണുങ്ങി പറഞ്ഞു.

"ശരിയാ കാക്കമ്മെ..... ആ പട്ടം..... കുഞ്ഞിപ്പട്ടം... എന്നെയും കളിയാക്കിയതാ".... പച്ചതത്ത തത്തി തത്തി പറഞ്ഞു.

എന്തിനായിരിക്കും കുഞ്ഞിപ്പട്ടം അവരെ കളിയാക്കിയത്?

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി





“ദേ അമ്മു..... നിന്റെ പട്ടം ഇതിലൂടെ പറന്ന് പോണത് ഞാൻ കണ്ടതാ....”

“എപ്പോഴാ കുഞ്ഞിക്കുരുവി എന്റെ പട്ടത്തെ കണ്ടത്?”

“വൈകിട്ട് കുഞ്ഞിക്കാറ്റിന്റെ തോളിൽക്കേറിയാ പോണത് കണ്ടത്.”

“എന്റെ പട്ടത്തിന് പിന്നെ എന്തുപറ്റി....?”

അമ്മുവിന്റെ പട്ടത്തിന് പിന്നെ എന്താപറ്റിയത്?

കടലാസ് കീറിയോ.... നൂല് മുറിഞ്ഞോ?

ആർക്കറിയാം....“കൂട്ടുകാരെ..... നിങ്ങൾക്കറിയാമോ? മാളു നിനക്കറിയാമോ....? അപ്പു....അന്നമോളെ.... ഒന്നുപറയണേ....? എന്റെ കുഞ്ഞിപ്പട്ടം എവിടെയാ....”?

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

"ദാ ഒരു പട്ടം....കുഞ്ഞിപ്പട്ടം."

"നീ എവിടന്നാ.... എങ്ങോട്ടാ യാത്ര"

"ഞാൻ... ഞാൻ.. ഒരു കുഞ്ഞിപ്പട്ടം.



അമ്മുക്കുട്ടിയുടെ കുഞ്ഞിപ്പട്ടം. അങ്ങ് ദൂരെ... ദൂരെ... ഗ്രാമത്തിൽ നിന്നാ വരണത്. എന്റെ വാല് പൊട്ടി. പാവം അമ്മു. അവളിപ്പോ എന്തെടുക്കുകയായിരിക്കും? അവൾക്ക് ജീവനാ എന്നെ. എനിക്ക് അമ്മൂനെ"

"ശരി കരയണ്ട. ഞാൻ നിന്നെ അമ്മൂന്റെ അടുത്ത് കൊണ്ടു ചെന്നാക്കാം....."

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി



“ഹായ് എന്ത് രസാ... ആകാശത്തുനിന്ന് താഴേക്ക് നോക്കുമ്പോ....”

കുഞ്ഞിപ്പട്ടത്തിന്റെ വിഷമമൊക്കെ മാറി. അവൾ അമ്പിളിമാമന്റെ പുറത്തിരുന്ന് കാഴ്ചകൾ കണ്ടു. രാത്രിയിൽ ഇങ്ങനെ തിളങ്ങി.... “അമ്പിളിമാമാ.... ആരാ നിന്റെ പുറത്തിരിക്കുന്നത്?”

“താരകമേ.... താരകമേ.... ഇത് കുഞ്ഞിപ്പട്ടം. എന്റെ കൂട്ടുകാരിയാ...”

“താരകമേ.... എന്ത് രസാ നിന്നെക്കാണാൻ....” കുഞ്ഞിപ്പട്ടത്തിന് താരകത്തെ ഇഷ്ടമായി.

നിങ്ങൾക്കിഷ്ടമായോ താരകത്തെ?

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

ഹായ്.... ഹായ്.... എന്തൊക്കെ കാഴ്ചകളാ....

കുഞ്ഞിപ്പട്ടത്തിന് സന്തോഷമായി. കൂട്ടുകാരെ രാത്രിയിലിങ്ങനെ പറന്നാൽ എന്തൊക്കെ കാഴ്ച കാണാം?

പാർക്ക്, ബീച്ച് , ബസുകൾ.... ലുലുമാൾ.... (കുട്ടികൾ പറയട്ടെ)

“മാമാ.... മാമാ... അമ്പിളിമാമാ.... ഇതാരാ നിന്റെ ചിറകിൽ....?”

“മിന്നാമിന്നീ.... മിന്നാമിന്നീ.... ഇതേയ് എന്റെ കൂട്ടുകാരി കുഞ്ഞിപ്പട്ടം. വഴി തെറ്റി വന്നതാ.... അമ്മൂന്റെ പട്ടാ.... പാവം അമ്മു.... പാവം പട്ടം.”

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി




"ഹായ് എന്താ നല്ല വെളിച്ചം......"?

"നേരം വെളുത്തു കുട്ടിപ്പട്ടമേ...."

"നിന്റെ അമ്മു ഇപ്പോ എവിടെയായിരിക്കും."

"പള്ളിക്കൂടത്തിലായിരിക്കും...."

"അമ്മൂന്റെ പള്ളിക്കൂടത്തിനടുത്താ വലിയ പുഴ. നീണ്ട പുഴ. മെലിഞ്ഞ പുഴ. വറ്റിയ പുഴ."

"ദേ അതാ.... അതാ എന്റെ അമ്മൂന്റെ പള്ളിക്കൂടം."

എന്താ രസാല്ലേ..... എന്തൊക്കെ കാഴ്ചകളാ അവിടെ.....?

(കുട്ടികൾ പറയട്ടെ.....)

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

"അമ്മു.... അമ്മു.... ദേ എന്റെ അമ്മു. അമ്പിളി മാമാ.... നിർത്ത്.... എന്നെ താഴെയിറക്ക്.... എനിക്കെന്റെ അമ്മൂന്റെയടുത്ത് പോണം."

"കുഞ്ഞിപ്പട്ടം.... തിരക്കുപിടിക്കല്ലെ.... ഞാനൊന്ന് നിൽക്കട്ടെ."

"കൂട്ടുകാരേ.... ഓടി വരൂ.... എന്റെ കുഞ്ഞിപ്പട്ടം വന്നിരിക്കണു." അമ്മു സന്തോഷംകൊണ്ട് തുള്ളിച്ചാടി.... കൂട്ടുകാരെല്ലാം കുഞ്ഞിപ്പട്ടത്തിന് ചുറ്റും നിരന്നു. അമ്മു കുഞ്ഞിപ്പട്ടവുമെടുത്ത് വീട്ടിലേക്ക് നടന്നു.

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി






കുഞ്ഞുപൂച്ച മേശയിൽ കയറി. ഒരു കുപ്പി.
അതിൽ മഷി. ഒരു തട്ട്. ശരീരത്താകെ മഷി
കടും നീല മഷി. നീലപ്പൂച്ച. നല്ല രസം.
വേഷം കൊള്ളാമല്ലോ.... എല്ലാവരും പറഞ്ഞു.
അടുത്തദിവസവും പൂച്ചക്കുഞ്ഞ് മേശയിൽ കയറി. ഒരു കുപ്പി.
ഒരു തട്ട്. അതിൽ നിറയെ പശ. ശരീരമാകെ പശ. പശ പശാ പശ.
മേശയിൽ മീശ ഒട്ടി. കാലൊട്ടി. ങ്യാവൂ.... വായും ഒട്ടി. പാവം
പശപ്പൂച്ച.

തയ്യാറാക്കിയത്: റിസോഴ്‌സ് ടീം, ടീച്ചേഴ്‌സ് ക്ലബ്ബ് കോലഞ്ചേരി



ഉറുമ്പു കുഞ്ഞുങ്ങൾ വിശന്ന് കരയാൻ തുടങ്ങി. അമ്മയെ കാണുന്നില്ല.... സമയം ഏറെ വൈകി. ഇനി എന്ത് ചെയ്യും.... "അമ്മയെ തിരക്കി ഞാനൊന്ന് പോയാലോ? മൂത്ത ഉറുമ്പ് പറഞ്ഞു." ശരി വേഗം വരണം." എല്ലാവരും മൂത്ത ഉറുമ്പിനെ യാത്രയാക്കി. പോകുന്ന വഴിയിലൊക്കെ കണ്ടവരോടെല്ലാം ഉറുമ്പ് തന്റെ അമ്മയെ കണ്ടോ... അമ്മയെ കണ്ടോ എന്ന് തിരക്കി.

ആരോടൊക്കെയായിരിക്കും തിരക്കിയത് .....?

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ്  ക്ലബ്ബ് കോലഞ്ചേരി

ഒരു മരം. മരത്തിൽ നിറയെ ഇലകൾ. ഇലകൾക്കിട യിൽ കുഞ്ഞനുറുമ്പും മക്കളും താമസിക്കുന്നുണ്ടായി രുന്നു. കുഞ്ഞനുറുമ്പ് ദിവസവും തീറ്റതേടി അടുത്തുള്ള അമ്മുവിന്റെ വീട്ടിൽ പോകും. അരിമണിയും ശർക്കരയും ....... കുഞ്ഞനുറുമ്പ് മക്കൾക്ക് കൊണ്ടുചെന്ന് കൊടുക്കും. ഒരുദിവസം തീറ്റതേടി പ്പോയ കുഞ്ഞനുറുമ്പ് പിന്നെ തിരികെ വന്നില്ല.

എന്താ കുഞ്ഞനുറുമ്പിന് പറ്റിയത്?

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

ഒരു മിന്നാമിന്നി. മിന്നി മിന്നി അങ്ങനെ നടക്കുകയായിരുന്നു. ഹായ് എന്ത് രസാ ഇങ്ങനെ നടക്കാൻ.... ഹയ്യോ.... ചിലന്തി വലയിൽപെട്ടല്ലോ.... രക്ഷിക്കണേ.... മാളു മിന്നാ മിന്നിയുടെ കരച്ചിൽ കേട്ടു.

"അച്ഛാ.... ദേ ആ പാവം മിന്നാമിന്നി വലയിൽ കുടുങ്ങിയിരിക്കണു.... അതിനെ എനിക്ക് പിടിച്ച് തരാമോ...." "ഇന്നാ അമ്മൂ.... പാവമാണ്. ഇതിനെ കൊല്ലരുത്...." "ഇല്ല.... ഞാൻ സൂക്ഷിച്ച് പിടിച്ചോളാം...."

പെട്ടെന്ന് മുറിയിലെ വെളിച്ചം പോയി. അപ്പോ അതാ.... മിന്നാ മിന്നിയുടെ കുഞ്ഞുവെട്ടം. എല്ലാവരും കൈകൊട്ടി ചിരിച്ചു. മിന്നാ മിന്നിയും ചിരിച്ചു. എന്തിനാ ചിരിച്ചത്.

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

"പെൻസിലെ പെൻസിലെ ഒരു ചിത്രം വരയ്ക്കാമോ...."

"എന്ത് ചിത്രാ വരയ്ക്കാ...."?

"ഒരു പുലിയുടെ"

"വേണ്ട പുലി നിന്നെ തിന്നും."

"പെൻസിലെ പെൻസിലെ ഒരു ചിത്രം വരയ്ക്കാമോ...."?

"എന്ത് ചിത്രാ വരയ്ക്കാ...."?

"ഒരു ആനേടെ...."

"വേണ്ട ആന നിന്നെ കുത്തും."

"പെൻസിലെ പെൻസിലെ ഒരു ചിത്രം വരയ്ക്കാമോ."?

"എന്ത് ചിത്രാ വരയ്ക്കാ"?

"ഒരു പട്ടിക്കുട്ടീടെ."

"വേണ്ട പട്ടി നിന്നെ കടിയ്ക്കും."

(ഇത് വിവിധ മൃഗങ്ങളുടെ പേരിൽ ആവർത്തിക്കുക)

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

ഒരു പുൽനാമ്പ്. അതിൽ ചെറിയൊരു മഞ്ഞുതുള്ളി.

സൂര്യൻ മഞ്ഞുതുള്ളിയുടെ നേരെ ചിരിച്ചു.

ഹായ്.... മഞ്ഞുതുള്ളി തിളങ്ങുന്നു.... എന്താ രസം.

സൂര്യൻ മഞ്ഞുതുള്ളിയെ ശ്രദ്ധിച്ച് നോക്കി.

ഹയ്യോ.... പാവം മഞ്ഞുതുള്ളി....

ഉരുകി.... ഉരുകി.... വെള്ളമായി പുൽനാമ്പിൽ പിടിച്ചു നിൽക്കുന്നു. പെട്ടെന്ന്.....

പെട്ടെന്നാ പിന്നെ അത് സംഭവിച്ചത്....

എന്തായിരിക്കും മഞ്ഞുതുള്ളിക്ക് പറ്റിയത്?

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

(രംഗം 1 സ്കൂൾ മുറ്റത്തെ മാവിന്റെ തണൽ)

മാവിന്റെ ചുവട്ടിൽ വിഷമിച്ചിരിക്കുന്ന ആമിന. അവൾ മാവിനോട് എന്തൊക്കെയോ സംസാരിക്കുന്നുണ്ട്.

മാവ് : എന്തിനാ ആമിനാ നിന്നെ ടീച്ചർ ഇന്നും പുറത്തു നിർത്തിയത്?

ആമിന : മാവ് മുത്തശ്ശി.... ഞാൻ.... ഞാനിന്നും പഠിക്കാതെയാ വന്നത്.

മാവ് : എന്താ നീ എന്നും ഇങ്ങനെ പഠിക്കാതെ വരുന്നത്?

ആമിന : എന്റെ വീട്ടിൽ ഞാനാ മൂത്ത കുട്ടി. എന്റെ താഴെ രണ്ട് അനിയൻമാരുണ്ട്. അമ്മ രോഗം വന്ന് കിടപ്പിലാ....
അച്ഛനെക്കുറിച്ച് ഞങ്ങൾക്കറിയില്ല. എവിടെ നിന്നെങ്കിലും കിട്ടുന്ന ചെറിയ സഹായങ്ങൾ കൊണ്ടാ ഞങ്ങൾ..............
(ആമിന കരയുന്നു)

മാവ് : വിഷമിക്കണ്ട.... വിഷമിക്കണ്ട..... ആമിന

(ഈ നാടകം കുട്ടികൾ ഗ്രൂപ്പായി റോൾ പ്ലേയിലൂടെ അവതരിപ്പിക്കണം)

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

ഒരു തോണിക്കാരൻ. പേര് രാമു. പുഴയുടെ അക്കരെ നിൽക്കുന്ന ആളുകളെ ഇക്കരെയും ഇക്കരെ നിൽക്കുന്ന ആളുകളെ അക്കരെയും എത്തിക്കും. പാവമാണ്. കിട്ടുന്ന വരുമാനം കൊണ്ട് സന്തോഷത്തോടെ ജീവിച്ചു. പെട്ടെന്നാണ് പുഴയിൽ വെള്ളമുയർന്നത്. ഏതോ ഡാം തുറന്നുവിട്ടതാണ്. രാമുവിന്റെ തോണി മലവെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയി. പാവം രാമു. ഇനി എന്തു ചെയ്യും....? "രാമു ഞാൻ നിനക്ക് പുതിയൊരു തോണി പണിതു തരാം...." കുട്ടൻ മുതലാളി പറഞ്ഞു. ഇത് കേട്ട രാമുവിന് സന്തോഷമായി.... നിങ്ങൾക്കോ....?

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

“ദേ അതാ അമ്മുക്കുട്ടിയുടെ സ്കൂൾ” അമ്പിളിമാമൻ കുഞ്ഞിപ്പട്ടത്തെ അമ്മുക്കുട്ടിയുടെ സ്കൂൾ മുറ്റത്തിറക്കി.

ഓടിവാ ഓടിവാ കൂട്ടുകാരെ...... ദേ അമ്പിളിമാമൻ വന്നേ....

കുട്ടികൾ അലറി വിളിച്ച് അമ്പിളിമാമന്റെ ചുറ്റും കൂടി. “അമ്മു ഇത് നിന്റെ കുഞ്ഞിപ്പട്ടമല്ലേ.” അമ്മു ഓടിവന്ന് കുഞ്ഞിപ്പട്ടത്തെ കെട്ടിപ്പിടിച്ചു.

അമ്പിളിമാമാ.... അമ്പിളിമാമാ..... നന്ദി. എന്റെ കുഞ്ഞിപ്പട്ടത്തെ തന്നതിന്.

അമ്പിളി മാമൻ എല്ലാവരോടും യാത്ര പറഞ്ഞ്....

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

മഴ. ചെറിയ മഴ. കുഞ്ഞുമഴ.

മഴ. നല്ല മഴ. കുഞ്ഞു കുഞ്ഞുമഴ.

മഴ. തുള്ളിമഴ. തുള്ളി തുള്ളി മഴ.

മഴ . ചാറ്റൽ മഴ . ചറ പറ മഴ.

എന്റെ പുന്നാര മഴ.

മഴ. മിന്നൽ മഴ. മിന്നി മിന്നി മഴ.

മഴ. കാറ്റ് മഴ. തണുത്ത കാറ്റ് മഴ.



തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

ഒരു ദിവസം ചൂരൽവടി സ്കൂളിന്റെ വരാന്തയിലൂടെ ഇങ്ങനെ നടക്കുകയായിരുന്നു. അപ്പോഴാണ് ക്ലാസിന് വെളിയിൽ നിന്ന് കരയുന്ന അമ്മുവിനെ കണ്ടത്.

“എന്തിനാ അമ്മു കരയണത്?”

“കുട്ടൻമാഷ് ഇന്ന് നല്ല അടി തരൂന്ന് പറഞ്ഞു.”

“എന്തിനാ അടിക്കണെ.... അമ്മു എന്ത് കുസൃതിയാ ഒപ്പിച്ചത്...?”

“ഇല്ല. ഞാനൊരു കുസൃതിയും കാണിച്ചില്ല. പഠിക്കാത്തതിനാ എന്നെ തല്ലുന്നത്.”

“എന്താ അമ്മു നീ പഠിക്കാതിരുന്നത്?”

“എന്റെ അമ്മയ്ക്ക് പനിയാ. ഇന്നലെ വീട്ടുജോലി മുഴുവനും ഞാനാ ചെയ്തത്. അതുകൊണ്ട് പഠിക്കാൻ പറ്റിയില്ല. മാഷിനോട് അതുപറഞ്ഞാ മനസിലാവില്ല.”

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

“അമ്മു.... ഞാൻ മാഷിനോട് പറയാം. നിന്നെ തല്ലണ്ടാന്ന്. മതിയോ?” “ഉം. പറയണം. മറക്കരുത്.”

അമ്മൂന്റെ കരച്ചിൽ കണ്ട ചൂരൽവടിക്ക് ആകെ വിഷമമായി. ഇനി കുട്ടൻമാഷിന്റെ കൂട്ടില്ല. എന്തിനാ ഈ പാവം കുട്ട്യോളെ ഇങ്ങനെ അടിക്കണത് വേണ്ട.... ഞാനിനി ഈ പാവത്തിന് കൂട്ട് നിൽക്കണില്ല.

കുട്ടൻമാഷിന്റെ കണ്ണിൽപ്പെടാതെ എവിടെയാ ഒന്ന് ഒളിക്കാ.... ആ ദേ.... ആ കാണുന്ന അലമാരയുടെ ഉള്ളിൽ കേറാം..... ആരും കാണില്ല.....

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

“ആരായിത്..... എന്റെ അനുവാദം മേടിക്കാതെ അകത്ത് കയറിയത്....” ഞാനാ അലമാര ചേട്ടാ... ചൂരൽ വടിയാ.”

“എന്തിനാ നീ എന്റെ ശരീരത്തിൽ കേറി ഒളിച്ചത്. നീ ആ കുട്ടൻമാഷിന്റെ കൂടെ നടക്കാറുണ്ടല്ലോ.... എന്നിട്ട് പിന്നെ എന്താ ഇങ്ങോട്ട് വന്നത്. ഇവിടെ എല്ലാവരും ഉപേക്ഷിച്ച സാധനങ്ങൾ സൂക്ഷിക്കുന്ന സ്ഥലമല്ലേ....”

“ഇല്ല..... ഞാനിനി കുട്ടൻമാഷിന്റെ കൂടെ പോണില്ല. പാവം കുട്ടികളുടെ കണ്ണീരു കാണാൻ വയ്യ.....”

“നന്നായി. “ഞാൻ ആരും മിണ്ടാനും പറയാനുമില്ലാതെ വിഷമിച്ച് നിൽക്കുകയായിരുന്നു. എനിക്കും കൂട്ടിന് ഒരാളായീലോ.”

“എനിക്കും.”

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

“നിന്റെ വീടെവിടെയാ.....”

“എന്റെ വീട് അങ്ങ് ദൂരെ ഒരുകാട്ടിലായിരുന്നു. അവിടെ നിന്നും ഒരാൾ എന്നെ വെട്ടിയെടുത്ത് നാട്ടിലെ കടയിലെത്തിച്ചു. അവിടുന്നാ കുട്ടൻമാഷിന് എന്നെ കിട്ടിയത്. പള്ളിക്കൂടത്തിലെ എല്ലാവർക്കും എന്നെ വലിയ പേടിയാ... കുട്ടൻ മാഷിന്റെ അടി കിട്ടി കുട്ടികൾ കരയുമ്പോൾ എനിക്കും സന്തോഷ മായിരുന്നു. പക്ഷെ കുട്ടികൾക്കെല്ലാം എന്നെ വെറുപ്പാണെന്നറിഞ്ഞപ്പോൾ എനിക്കും വിഷമമായി. അതാ ഞാൻ നിന്റെയടുത്ത് വന്നത്. ആട്ടെ.... നിന്റെ കഥയോ.”?

“ഞാനും ഒരു വനത്തിലായിരുന്നു താമസം. ആർത്തി പൂണ്ട മനുഷ്യർ എന്നെ വെട്ടിമുറിച്ച്.... തടിയാക്കി... ഇങ്ങനെയാക്കി. എനിക്ക് എന്റെ കൂട്ടുകാരെ പോലും.......” (പിന്നെയെന്തൊക്കെയായിരിക്കും അലമാരയും ചൂരൽവടിയും പറഞ്ഞത്).

തയ്യാറാക്കിയത്: റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി